# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 17.02.2024 മുതൽ 21.02.2024വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എസ്.ഡി.-14/2024 | തീയ്യതി: 16/02/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.5 – 35.0 | 24.3 – 24.6 | 71 – 88 | 01 - 02 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 17-02-2024 | 18-02-2024 | 19-02-2024 | 20-02-2024 | 21-02-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയതാപനില, °C | 36 | 36 | 36 | 36 | 36 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 60 | 60 | 60 | 60 | 60 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 43 | 43 | 43 | 43 | 43 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 3 | 3 | 3 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 250 | 250 | 270 | 270 | 270 |
| മേഘവിന്യാസം, ഒക്ടാ | 1 | 3 | 4 | 1 | 1 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** | | |
| | മഴയില്ല. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. അതിനാൽ പകൽ താപനിലയും രാത്രി താപനിലയും തമ്മിൽ വ്യത്യാസമുണ്ടാകും. | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | വിളയുടെ തടങ്ങളിൽ പുതയിടുക.<br>വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും<br>വരണ്ട കാലഘട്ടങ്ങളിൽ നൈട്രജൻ സംയുക്തമോ പോഷണങ്ങളോ ഇലകളിൽ ഉപയോഗിക്കുന്നതിലൂടെ വിളകളുടെ നിലനിൽപ് മെച്ചപ്പെടുത്താവുന്നതാണ്.<br>മഴക്കാലത്തിന് മുമ്പ് പ്രാദേശിക ജലാശയങ്ങൾ ശുചീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.<br>കളകൾ നീക്കം ചെയ്യുക.<br>നീക്കം ചെയ്ത കളകൾ പുതയിടലിനായി ഉപയോഗിക്കുക. ജലാംശം നിലനിർത്താനായി മണ്ണ് കിളക്കുക അല്ലെങ്കിൽ മിശ്രകൃഷിരീതികൾ നടപ്പാക്കുക., കള നീക്കം ചെയ്ത് ഉപരിതലത്തിലുള്ള ഉറച്ച മണ്ണ് പൊടിച്ചു കളയുക.<br>നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക.<br>വിളകളുടെ തടിയിൽ കുമ്മായം പൂശുക | | |
| പച്ചക്കറികൾ | പലയിടങ്ങളായി വിവിധ ഘട്ടങ്ങൾ (വിത്തിടൽ മുതൽ പുഷ്പിക്കൽ വരെ) | മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>വിളയുടെ തടങ്ങളിൽ പുതയിടുക. വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും.<br>മുൻ കരുതലായി , പ്രത്യേകിച്ചും ജൈവ കൃഷി ചെയ്യുന്നയിടങ്ങളിൽ, രണ്ടാഴ്ചയിൽ ഒരിക്കൽ വേപ്പധിഷ്ഠിത കീടനാശിനി 2g ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കി ഇലകളിലും തണ്ടിലും തളിക്കുക.<br>പുഷ്പിക്കുന്ന ഘട്ടമായാൽ 5000ppm ബോറോൺ മിശ്രിതം (സൊല്യൂബോർ 5g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. | |
| നെല്ല് | പാകമാകുന്ന ഘട്ടം | അരിമണിയിൽ പാൽ നിറയുന്ന ഘട്ടമെത്തിയിട്ടുള്ള പ്രദേശത്തെ പാടങ്ങളിലെ വെള്ളം പൂർണമായും വാർത്തുകളയുക. | |
| നെല്ല് | മണികളിൽ പാൽ നിറയുന്ന ഘട്ടം | ചാഴി<br> | അസാഡിറാക്റ്റിൻ-3000ppm മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനിയിൽ ഒന്നോ രണ്ടോ മില്ലി മാലത്തിയോൺ 50ECചേർത്ത് തളിക്കുക. വൈകുന്നേരം സൂര്യാസ്തമനത്തിനു ശേഷം തളിക്കുന്നതാണ് ഉചിതം. |
| നെല്ല് | പുഷ്പിക്കുന്ന ഘട്ടം | വാട്ടം<br> | ഫ്യൂജിയോൺ (@2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ഇല ചീയൽ<br> | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന് പറഞ്ഞ പ്രതിവിധികൾ നിർബന്ധമായും അവലംബിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | സാവധാന വാട്ടം<br> | അസുഖം നിയന്ത്രിക്കുന്നതിനായി ചെടിയുടെ തടത്തിൽ കോപ്പർ ഓക്സി ക്ലോറൈഡ് 2ഗ്രാം/ലി എന്ന തോതിൽ തളിക്കുക. |
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക.<br>അല്ലെങ്കിൽ<br>ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| പയർ | വിവിധ ഘട്ടം | മുഞ്ഞ<br> | വെളുത്തുള്ളി വേപ്പെണ്ണ മിശ്രിതം 3% വീര്യത്തിൽ അല്ലെങ്കിൽ ഡൈമെത്തോയേറ്റ് 2മില്ലി/ലി തളിക്കുക. |
| കവുങ്ങ് | 3 - 4 വർഷം പ്രായമായ തൈകൾ | ഇല കരച്ചിൽ, കൂമ്പു ചീയൽ എന്നിവ<br> | 1% ബോഡോ മിശ്രിതം തളിക്കുക. |
| കറവ പശുക്കൾ | വിവിധ ഘട്ടം<br>, | ചർമ്മ മുഴ രോഗം<br> | കന്നുകാലികളെ ബാധിക്കുന്ന ഒരു വൈറൽ രോഗമാണ് ലംപി ത്വക്ക് രോഗം, ഇത് ചില രക്തം കുടിക്കുന്ന പ്രാണികൾ വഴി പകരുന്നു. (ഈച്ച, കൊതുക് ...) ഇത് പനിയും ചർമ്മത്തിൽ കുരുക്കളും ഉണ്ടാക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യും.<br>**പ്രതിരോധം:** ഷെഡും പരിസരവും വൃത്തിയും ശുചിത്വവുമായി സൂക്ഷിക്കുക. കന്നുകാലികളുടെ സഞ്ചാരം നിയന്ത്രിക്കുകയും വെറ്റിനറി ഡോക്ടറുടെ നിർദേശപ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നൽകുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി